**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 669** **13.06.2012-ൽ മറുപടിക്ക്**

## സാംക്രമിക രോഗങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് 2011-12 കാലയളവിൽ സാംക്രമിക രോഗങ്ങൾ ബാധിച്ച് സർക്കാർ ആശുപത്രികളിൽ മരിച്ചവരുടെ എണ്ണം എത്രയാണ്; ഏതൊക്കെ സാംക്രമിക രോഗങ്ങളാൽ മരണപ്പെട്ടുവെന്ന് തരംതിരിച്ച്, ജില്ല തിരിച്ച് വ്യക്തമാക്കുമോ ;<br><br>ബി) ഇത്തരം രോഗങ്ങൾ ബാധിച്ച് 2011-12-ൽ സ്വകാര്യ ആശുപത്രികളിൽ മരിച്ചവരുടെ എണ്ണം എത്രയാണ് ; | (എ)യും (ബി)യും<br><br>സർക്കാർ ആശുപത്രികളിൽ മരിച്ച രോഗികളുടെ എണ്ണത്തോടൊപ്പം ചിലപ്പോഴൊക്കെ ആ പ്രദേശത്തുള്ള സ്വകാര്യ ആശുപത്രികളിലെ മരണം കൂടി ചേർത്താണ് റിപ്പോർട്ട് ചെയ്യപ്പെടാറുള്ളത്. ഓരോ സാംക്രമിക രോഗത്താലും മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായി ഇപ്പോൾ ഡെങ്കിപ്പനി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് അടിയന്തിരമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ ; | സി) സംസ്ഥാനത്ത് ചില ജില്ലകളിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടത് തിരുവനന്തപുരം ജില്ലയിലാണ്. കൂടാതെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ നിന്നും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പനി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൊതുക്-കൂത്താടി നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി, വാർഡ് തലത്തിൽ ആരോഗ്യശുചിത്വ സമിതികളുടെ നേതൃത്വത്തിൽ ഉറവിട നശീകരണം, ഡ്രൈഡേ |

ആചരിക്കൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിന് സ്വീകരിച്ച മറ്റ് മാർഗ്ഗങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

- ഡെങ്കിപ്പനി യഥാസമയം കണ്ടുപിടിക്കാൻ ഐ.ടി.എസ്.പി. വഴിയുള്ള രോഗനിരീക്ഷണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി.
- രോഗസ്ഥിരീകരണത്തിന് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള 20 സെന്റിനൽ സർവ്വേയലൻസ് ഹോസ്പിറ്റലുകൾ ഉണ്ട്.
- രോഗചികിത്സയ്ക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സൗകര്യമുണ്ട്.
- രോഗം മൂർച്ഛിച്ചാൽ വിദഗ്ദ്ധ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ജില്ലാ താലൂക്ക് ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്.
- ഡെങ്കിപ്പനി റിപ്പോർട്ട്ചെയ്യുന്ന സ്ഥലങ്ങളിലും, ഹൈറിസ്ക് പ്രദേശങ്ങളിലും ഉറവിട നശീകരണത്തെക്കൂടാതെ, ലാർവിസൈഡ് സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയ രാസനിയന്ത്രണ മാർഗ്ഗങ്ങൾ നടത്തുന്നു.
- രോഗികളെ കിടത്തിചികിത്സിക്കുന്ന ആശുപത്രികളിൽ രോഗം പകരാതെ കൊതുകുവലയ്ക്കുള്ളിൽ രോഗികളെ കിടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ കൊതുക് സർവ്വേ, കൊതുക് നിയന്ത്രണം എന്നിവ നടപ്പിലാക്കി വരുന്നു.
- ജില്ലാ മലേറിയ ഓഫീസർ, കൊതുകുജന്യരോഗ റിപ്പോർട്ടിംഗും, നിയന്ത്രണവും ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നു.

- ജില്ലാ പൊതുജനാരോഗ്യ ടീം ജില്ലാ സർവ്വേയലൻസ് ഓഫീസറുടെ നേതൃത്വത്തിൽ പകർച്ചവ്യാധി സംബന്ധിച്ച പ്രവർത്തനങ്ങളെ ആഴ്ച തോറും അവലോകനം ചെയ്ത് നടപടികൾ സ്വീകരിക്കുന്നു.

ഡി) സാംക്രമികരോഗ പ്രതിരോധ രംഗത്ത് സംസ്ഥാനം നേരിടുന്ന നിലവിലെ പ്രതിസന്ധി ശാശ്വതമായി പരിഹരിക്കുവാൻ എന്തൊക്കെ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഡി) സംസ്ഥാനത്ത് പല പ്രദേശങ്ങളിലും ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള അപര്യാപ്തതയും കുടിവെള്ളത്തിന്റെ മലിനീകരണവും കൊതുക് വളർച്ചയും കാരണം കൊതുക്ജന്യ രോഗങ്ങളും, ജലജന്യരോഗങ്ങളുമായ പകർച്ചവ്യാധികൾ വർദ്ധിക്കാനിടയാകുന്നു. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക വഴി മാത്രമേ പകർച്ചവ്യാധി രോഗങ്ങളുടെ പ്രതിരോധം ഫലവത്താക്കാൻ സാധിക്കുകയുള്ളു. രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി, പകർച്ചവ്യാധികൾ ഉണ്ടാകുന്ന അവസരങ്ങളിൽ നേരത്തെതന്നെ അവ കണ്ടെത്തി നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിവരുന്നു.

സെക്ഷൻ ഓഫീസർ

## Death due to Communicable Disease from 2011 April 1st to 2012 March 31st - Kerala

| Dist. | Fever | Chikungunya | Dengue | Leptospirosis | Malaria | ADD | Hepatitis - A | Cholera | Japanese Encephalitis | Typhoid | H1N1 |
|---|---|---|---|---|---|---|---|---|---|---|---|
| | Death | Death | Death | Death | Death | Death | Death | Death | Death | Death | Death |
| TVM | - | - | 1 | 1 | - | - | - | - | - | - | 4 |
| KLM | 2 | - | 1 | 4 | - | - | - | - | 1 | - | 5 |
| PTA | - | - | - | 3 | - | - | - | - | - | - | - |
| IDK | - | - | 1 | 1 | 1 | 2 | - | - | - | - | - |
| KTM | - | - | - | 6 | 1 | - | - | - | - | - | - |
| ALP | - | - | - | 5 | - | - | 2 | - | 1 | - | - |
| EKM | 1 | - | 4 | 11 | 1 | - | 1 | - | - | - | - |
| TSR | 6 | - | - | 7 | - | - | 3 | - | - | - | 1 |
| PKD | - | - | - | 3 | - | - | 1 | - | - | - | - |
| MPM | - | - | - | 7 | - | 1 | 3 | - | - | - | - |
| KKD | - | - | - | 3 | - | 1 | - | - | - | - | - |
| WYD | - | - | - | 2 | - | - | 1 | 1 | - | - | - |
| KNR | - | - | - | 1 | 1 | - | 1 | - | - | 1 | - |
| KSD | 2 | - | - | 9 | - | - | - | - | - | - | - |
| Kerala | 11 | - | 7 | 63 | 4 | 4 | 12 | 1 | 2 | 1 | 10 |